**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1502** **19-01-2021 - ൽ മറുപടിയ്ക്ക്**

**മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തന പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ . ബാബു | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | മുതലമട മാംഗോ ഹബ്ബിന്റെ പ്രവർത്തന പുരോഗതി ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ; | (എ) | മാംഗോ കൃഷിയുടെ വികസനത്തിനായിട്ടുള്ള പൈലറ്റ് പ്രോജക്റ്റ് പദ്ധതി പ്രകാരം 275 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മാവ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും മാവ് കൃഷിയുടെ പുനരുദ്ധാരണവുമാണ് പ്രസ്തുത പദ്ധതി മുഖാന്തരം ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ മുതലമടയിൽ ഒരു മാംഗോ പാർക്ക് KIIFB -യുടെ ധനസഹായത്താൽ സ്ഥാപിക്കുന്നതിനായി INKEL എന്ന കമ്പനിയെ SPV ആയി നിയമിക്കുകയും, INKEL സമർപ്പിച്ച 16 കോടി രൂപയുടെ പ്രസ്തുത പദ്ധതി KIIFB -യുടെ പരിഗണനയിലുമാണ്. |
| (ബി) | മാംഗോ ഹബ്ബിനായി നാളിതുവരെയായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി) | മാംഗോ കൃഷിയുടെ വികസനത്തിനായിട്ടുള്ള പൈലറ്റ് പ്രോജക്റ്റ് പദ്ധതി പ്രകാരം 275 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. മാവ് കൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനും മാവ് കൃഷിയുടെ പുനരുദ്ധാരണവുമാണ് പ്രസ്തുത പദ്ധതി മുഖാന്തരം ലക്ഷ്യമിട്ടിട്ടുള്ളത്. കൂടാതെ മുതലമടയിൽ ഒരു മാംഗോ പാർക്ക് KIIFB -യുടെ ധനസഹായത്താൽ സ്ഥാപിക്കുന്നതിനായി INKEL എന്ന കമ്പനിയെ SPV ആയി നിയമിക്കുകയും, INKEL സമർപ്പിച്ച 16 കോടി രൂപയുടെ പ്രസ്തുത പദ്ധതി KIIFB -യുടെ പരിഗണനയിലുമാണ്. |
| (സി) | നെന്മാറ നിയോജകമണ്ഡലത്തിലെ മാവ് കർഷകരുടെ സ്വപ്നപദ്ധതിയായ മാംഗോ ഹബ്ബിന്റെ പ്രവർത്തനം എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | (സി) | മാവ് കൃഷിയുടെ പൈലറ്റ് പദ്ധതി 2021 മാർച്ച് മാസത്തിൽ പൂർത്തീകരിക്കാൻ സാധിക്കുന്ന തരത്തിൽ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ